മലയാള മനോരമ
ESTABLISHED 1888

# ത്രോബോൾ ചാംപ്യൻഷിപ്

പത്തനംതിട്ട● ഡിസ്ട്രിക്ട് ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ് 17ന് കടമ്മനിട്ട മൗണ്ട് സിയോൺ റസിഡൻഷ്യൽ സ്കൂളിൽ നടത്തും. 2007 ജനുവരി 1നു ശേഷം ജനിച്ചവർക്ക് റജിസ്റ്റർ ചെയ്യാം. www.throwballkerala.com. ഫോൺ: 8921270775.

Pathanamthitta edition
07/08/2025
page:3
column:6

ദീപിക

**Pathanamthitta edition :21/08/2025 page:2 column:3**

# ജൂണിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്: പയ്യനാമൺ സെൻട്രൽ സ്കൂളിനു കിരീടം

പത്തനംതിട്ട: ഒമ്പതാമത് പത്തനംതിട്ട ജില്ലാ ജൂണിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് കടമ്മനിട്ട മൗണ്ട് സിയോൺ റസിഡൻഷൽ സ്കൂളിൽ നടന്നു.

പുരുഷ, വനിതാ വിഭാഗങ്ങളിൽ കോന്നി പയ്യനാമൺ കാർമൽ സെൻട്രൽ സ്കൂൾ വിജയികളായി. വെട്ടിപ്പുറം എംജിഎം ഹോളി എയ്ഞ്ചൽസ് സ്കൂൾ ആൺകുട്ടികളുടെ വിഭാഗത്തിലും കവിയൂർ മാർത്തോമ്മ സെൻട്രൽ സ്കൂൾ പെൺകുട്ടികളുടെ വിഭാഗത്തിലും രണ്ടാം സ്ഥാനം കരസ്ഥമാക്കി.

ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് കെ. അനിൽ കുമാർ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു. ത്രോ ബോൾ അസോസിയേഷൻ ജില്ലാ സെക്രട്ടറി എസ്. അധീർത് അധ്യക്ഷത വഹിച്ചു. അഖിൽ അനിൽ, ജയേഷ് ഗോപി, ഷിജിൻ ഷാജി, എസ്. അദ്വൈത്, നൗഫൽ തുടങ്ങിയവർ പ്രസംഗിച്ചു.



ജില്ലാ ജൂണിയർ ത്രോ ബോൾ ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ കോന്നി പയ്യനാമൺ കാർമൽ സെൻട്രൽ സ്കൂൾ വിദ്യാർഥികൾ ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് കെ. അനിൽ കുമാറിൽനിന്നു ട്രോഫി ഏറ്റുവാങ്ങുന്നു.